# കേരള കന്നുകാലി വികസന ബോർഡ് ലിമിറ്റഡ്

(ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം)

ഐ.എസ്.ഒ 9001 : 2008 അംഗീകൃത സ്ഥാപനം


150 YEARS OF CELEBRATING THE MAHATMA

## ദേശീയ ഗോപാൽ രത്ന പുരസ്ക്കാരം - 2020-21

രാജ്യത്തെ തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ സംരക്ഷിക്കുന്നതിനും അവയുടെ പാലുൽപ്പാദനവും, ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായി, തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ പരിപാലിക്കുന്ന വ്യക്തികൾക്കും, സഹകരണ സംഘങ്ങൾക്കും പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടു കൂടി കേന്ദ്ര സർക്കാർ "ദേശീയ ഗോപാൽ രത്ന പുരസ്ക്കാരം 2020-21" നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

**അവാർഡ് നൽകുന്ന വിഭാഗങ്ങൾ**

1. തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി ഏറ്റവും നല്ല രീതിയിൽ പരിപാലിക്കുന്ന ക്ഷീര കർഷകൻ
2. ഏറ്റവും നല്ല എ.ഐ ടെക്നീഷ്യൻ (AIT)
3. ഏറ്റവും നല്ല ഡെയറി കോപ്പറേറ്റീവ്/ മിൽക്ക് പ്രൊഡ്യൂസർ കമ്പനി/ ഡെയറി ഫാർമർ ഓർഗനൈസേഷൻ

**അവാർഡ് വിവരങ്ങൾ**

1. ഈ പുരസ്ക്കാരവിജയികൾക്ക് ഓരോ വിഭാഗത്തിനും ഒന്നാം സമ്മാനം 5 ലക്ഷം രൂപ, രണ്ടാം സമ്മാനം 3 ലക്ഷം രൂപ, മൂന്നാം സമ്മാനം 2 ലക്ഷം രൂപ അതോടൊപ്പം സർട്ടിഫിക്കറ്റും, മെമന്റോയും നൽകുന്നതാണ്.
2. അവാർഡ് ജേതാക്കൾക്ക് യാത്രാ ബത്തയും (second AC fare), ക്ഷാമബത്തയും റീ ഇംബേഴ്സ്മെന്റായി ലഭിക്കുന്നതാണ്. സഹകരണ സംഘങ്ങൾ/ മിൽക്ക് പ്രോഡ്യൂസേർസ് കമ്പനിയെ സംബന്ധിച്ചിടത്തോളം സെക്രട്ടറി ഉൾപ്പടെ രണ്ട് വ്യക്തികൾക്ക് റീ ഇംബേഴ്സ്മെന്റിന് അർഹതയുണ്ടായിരിക്കും.
3. സഹകരണ സംഘങ്ങൾ/ മിൽക്ക് പ്രോഡ്യൂസേർസ് കമ്പനി വിഭാഗത്തിൽപ്പെട്ട ജേതാക്കളുടെ അവാർഡ് തുക സഹകരണ സംഘങ്ങൾ/ മിൽക്ക് പ്രോഡ്യൂസേർസ് കമ്പനിയുടെ അക്കൗണ്ടിൽ ലഭിക്കുന്നതാണ്.
4. രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതി പ്രകാരം നേരത്തേ അവാർഡ് ലഭിച്ചിട്ടുള്ള കർഷകർ/ എ.ഐ ടെക്നീഷ്യന് ഗോപാൽ രത്ന പുരസ്ക്കാരം 2021 ൽ അപേക്ഷിക്കാൻ പാടുള്ളതല്ല.

**യോഗ്യതാ മാനദണ്ഡങ്ങൾ**

- കേന്ദ്രസർക്കാർ (എൻ.ബി.എ.ജി.ആർ) അംഗീകരിച്ച തനത് ജനുസ്സിൽപ്പെട്ട കന്നുകാലികൾ (പശുക്കൾ-50 ജനുസ്സുകൾ, എരുമ - 17 ജനുസ്സുകൾ) പരിപാലിക്കുന്ന കർഷകർക്ക് ഏറ്റവും നല്ല ക്ഷീര കർഷകനുള്ള ഗോപാൽ രത്ന പുരസ്ക്കാരത്തിനായി അപേക്ഷിക്കാവുന്നതാണ്.
- 90 ദിവസത്തെ കൃത്രിമ ബീജാധാന പരിശീലനം ലഭിച്ചിട്ടുള്ള സംസ്ഥാനങ്ങളിലെയോ, കേന്ദ്ര ഭരണ പ്രദേശങ്ങളിലേയോ കന്നുകാലി വികസന ബോർഡുകൾ/ മിൽക്ക് ഫെഡറേഷനുകൾ/ NGO's/ മറ്റ് സ്വകാര്യ ബീജാധാന കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന എ.ഐ ടെക്നീഷ്യന്മാർക്ക് ഗോപാൽ രത്ന പുരസ്ക്കാരത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.


ഹെഡ് ഓഫീസ് : ഗോകുലം, പട്ടം, തിരുവനന്തപുരം - 695 004, കേരളം, ഇന്ത്യ, കോർപ്പറേറ്റ് ഐഡന്റിറ്റി നം: U01409KL 19755GC002739

ഫോൺ : 0471 - 2440920, 2449138, ഫാക്സ് : 0471 - 2440673.

ഇ-മെയിൽ : kldboard8@gmail.com, kldboard.kldb@kerala.gov.in വെബ്സൈറ്റ് : www.livestock.kerala.gov.in

- കുറഞ്ഞത് 50 ക്ഷീര കർഷകർ അംഗങ്ങളായുള്ളതും, ദിനംപ്രതി 100 ലിറ്റർ പാൽ ശേഖരിക്കുന്ന, കമ്പനീസ്/ കോപ്പറേറ്റീവ് ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചേയ്തിട്ടുള്ള സഹകരണ സംഘങ്ങൾ/ മിൽക്ക് പ്രൊഡ്യൂസിംഗ് കമ്പനി/ ഫാർമർ പ്രൊഡ്യൂസർ കമ്പനികൾക്ക് ഗോപാൽ രത്ന പുരസ്ക്കാരത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**ഗോപാൽ രത്ന പുരസ്ക്കാരം 2020-21 - അപേക്ഷ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ**

- അപേക്ഷകന് DAHD (www.dahd.nic.in)/ MHA (www.mha.gov.in) വെബ്സൈറ്റുകളിൽ നിന്നും അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷാ ഫോറം ഇതേ വെബ്സൈറ്റിൽ തന്നെ അപ് ലോഡ് ചെയ്യേണ്ടതാണ്. സഹകരണ സംഘങ്ങൾ/ ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ/ വെറ്ററിനറി ആഫീസർമാർ തുടങ്ങിയവർ ക്ഷീര കർഷകർ/ എ.ഐ ടെക്നീഷ്യൻമാരെ അപേക്ഷാ ഫോറം സമർപ്പിക്കുന്നതിന് സഹായിക്കാവുന്നതാണ്.
- ഗോപാൽ രത്ന പുരസ്ക്കാരം 2020-21 - മൂന്ന് വിഭാഗങ്ങളിലെയും പുരസ്ക്കാരങ്ങൾക്കുള്ള അപേക്ഷ നൽകുന്നതിനുള്ള ലിംങ്ക് 15/07/2021 ഉച്ചയ്ക്ക് 12 മണി മുതൽ 15/09/2021 5 മണി വരെ DAHD വെബ്സൈറ്റിൽ ലഭ്യമാകും. ഇത് MHA വെബ്സൈറ്റിൽ 15/08/2021 മുതൽ 15/09/2021 വരെ ലഭ്യമാകുന്നതാണ്.
- **അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 15/09/2021 5 pm ആണ്.**
- ആദ്യ രണ്ട് വിഭാഗത്തിൽപ്പെട്ട അപേക്ഷകർ അപേക്ഷകന്റെ (ഏകദേശം 4cm x 3 cm) ഫോട്ടോ അപേക്ഷയോടൊപ്പം പതിക്കേണ്ടതാണ്.
- മൂന്നാമത്തെ വിഭാഗത്തിലെ അപേക്ഷകർ സഹകരണ സംഘത്തിന്റെ സെക്രട്ടറിയുടെ ഫോട്ടോ ആണ് പതിക്കേണ്ടത്.
- അപൂർണ്ണമായ/ തെറ്റായ വിവരങ്ങൾ നൽകുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. ഒരു അപേക്ഷകന് ഒരു വിഭാഗത്തിൽ ഒരു അപേക്ഷ മാത്രമേ നൽകുവാൻ പാടുള്ളൂ. ഒരു വിഭാഗത്തിൽ രണ്ട് അപേക്ഷകൾ നൽകിയാൽ രണ്ടും നിരസിക്കുന്നതാണ്.
- നീല മഷി പേന ഉപയോഗിച്ച് അപേക്ഷകൾ പൂരിപ്പിക്കേണ്ടതാണ്. പേരും, മേൽവിലാസവും പുനരാലേഖനം (over writing) ചെയ്താൽ അപേക്ഷകൾ നിരസിക്കുന്നതാണ്.
- ആദ്യ രണ്ട് വിഭാഗത്തിൽപ്പെട്ട അപേക്ഷകർ ആധാർ/ ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ് സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. മൂന്നാമത്തെ വിഭാഗത്തിൽപ്പെട്ട അപേക്ഷയിൽ സൊസൈറ്റി രജിസ്ട്രേഷൻ നമ്പർ, സൊസൈറ്റിയുടെ പേര്, മേൽവിലാസം (സെക്രട്ടറി സ്വയം സാക്ഷ്യപ്പെടുത്തണം), സെക്രട്ടറിയുടെ ആധാർ നമ്പർ, സൊസൈറ്റിയുടെ ബാങ്ക് പാസ്ബുക്കിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് - (അക്കൗണ്ട് നമ്പർ, ഐ.എഫ്. എസ്.സി,

CIF നമ്പർ, സൊസൈറ്റിയുടെ പേര്, മേൽവിലാസം) എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

- താൽപ്പര്യമുള്ള ക്ഷീര കർഷകർ ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ഏറ്റവും അടുത്തുള്ള മൃഗാശുപത്രിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനേയോ, ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥനേയോ, ക്ഷീര സഹകരണ സംഘങ്ങളേയോ സമീപിക്കാവുന്നതാണ്.

ദേശീയ ഗോപാൽ രത്ന പുരസ്ക്കാരം 2020-21 ദേശീയ തലത്തിലാണ് നൽകുന്നത്. ഔദ്യോഗികമായി പുരസ്ക്കാര ജേതാക്കളെ പ്രഖ്യാപിക്കുന്നത് 31/10/2021 നായിരിക്കും.

മാനേജിംഗ് ഡയറക്ടർ

To
കെ.എൽ.ഡി. ബി വെബ്സൈറ്റ്

CC: ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, വികാസ്ഭവൻ
ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, പട്ടം
മാനേജിംഗ് ഡയറക്ടർ, കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ